**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1662**

**08.06.2018 - ൽ**
**മറുപടിയ്ക്ക്**

**നെൽക്കർഷകർക്ക് ഗുണനിലവാരമുള്ള നെൽവിത്ത്**

**ചോദ്യം**
**ശ്രീ. തോമസ് ചാണ്ടി**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** കുട്ടനാട്ടിലെ നെൽക്കർഷകർക്ക് ഗുണനിലവാരമുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; നെൽവിത്ത് ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**എ)** നടപടി സ്വീകരിച്ചിട്ടുണ്ട്.

1966-ലെ സീഡ് ആക്ട് അനുസരിച്ച് കേരള കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന രജിസ്റ്റേഡ് വിത്തുൽപാദന പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന, ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുള്ള സീഡ് സർട്ടിഫിക്കേഷൻ ടാഗ് ലഭിച്ചിട്ടുള്ള നെൽവിത്ത്, കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി വഴി സംഭരിച്ച്, സംസ്കരിച്ച് കർഷകർക്കായി വിതരണം നടത്തുന്നു.

ഓരോ വർഷവും രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി നടപ്പിലാക്കുകയും നെൽവിത്ത് ഉത്പാദനം ലക്ഷ്യം വച്ച് വിത്തുത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുക വഴി നെൽവിത്ത് ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുവാൻ സാധ്യമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ